**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 548

01.12.2015-ലെ മറുപടിയ്ക്ക്

**പൊതുവിപണിയിലെ വിലക്കയറ്റം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത നടപടികളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടോ; | (എ) പൊതു വിപണിയിൽ വിലക്കയറ്റത്തിന് ഏറെ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് സാധനങ്ങൾ വിപണനം ചെയ്യുന്നതിന് സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർഫെഡ് വിപണികൾ സംഘടിപ്പിച്ചുവരുന്നു. 2015 ലെ ഓണക്കാലത്തോടനുബന്ധിച്ചും പൊതുവിപണിയിൽ നിന്നും 20% വിലകുറച്ച് സാധനങ്ങൾ ഓണ വിപണിയിലൂടെ വിതരണം ചെയ്തിരുന്നു. ഈ നടപടികളിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ ? | (ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ